

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



Vol. 2 No. 42 | THE ONLINE OFFICIAL NEWS BULLETTIN | 2019 October 19

സ്ലീബാകാലം | SEASON OF CROSS | ܥܕܢܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪6 20 6th Sunday after the Feast of Holy Cross	♪2 21	 ♪6 22 255th Memorial of Mar Baselius Shakralla Catholicos (Kandanadu Marthamariam Church)	 ♪2 23 Comme. of St. James the Apostle, Son of Alphaeus	 ♪6 24 2nd Memorial of Zachariah Mar Theophilos (Christushishya Asram, Thadakam)	♪2 25	♪6 26



പ. കാതോലിക്കാബാവായുമായി ബി.ജെ.പി. നേതാക്കൾ കൂടിക്കാഴ്ച നടത്തി

ദേവലോകം: ബി.ജെ.പി. സംസ്ഥാന ജനറൽ സെക്രട്ടറി എ. എൻ. രാധാകൃഷ്ണൻ കോട്ടയം ദേവലോകം അരമനയിൽ എത്തി പ. കാതോലിക്കാ ബാവയുമായി കൂടിക്കാഴ്ച നടത്തി. ഒരു മണിക്കൂറോളം അരമനയിൽ പരിശുദ്ധ ബാവയുമായി സംസാരിച്ചു. ബി.ജെ.പി. സംസ്ഥാന സെക്രട്ടറി സി. കൃഷ്ണകുമാർ, കോട്ടയം ജില്ലാ പ്രസിഡന്റ് എൻ. ഹരി എന്നിവരും ഒപ്പം ഉണ്ടായിരുന്നു.

കോതമംഗലം ചെറിയപള്ളിക്കേസ്: പോലീസ് പ്രൊട്ടക്ഷൻ അനുവദിച്ചു

കോതമംഗലം മാർ തോമൻ ചെറിയപള്ളിക്ക് പോലീസ് പ്രൊട്ടക്ഷൻ അനുവദിച്ച് മൂവാറ്റുപുഴ മുൻസിഫ് കോടതി ഉത്തരവായി. ഓർത്തഡോക്സ് സഭയ്ക്കു വേണ്ടി അഡ്വ. തോമസ് അധികാരം ഹാജരായി.



സഭാതർക്കം പൂർണ്ണമായും അവസാനിച്ച കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ മാമ്മലശ്ശേരി മാർ മിഖായേൽ ഓർത്തഡോക്സ് പള്ളിയിൽ പെരുന്നാൾ ശുശ്രൂഷകൾക്ക് കണ്ടനാട് വെസ്റ്റ് ഭദ്രാസന അധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് മുഖ്യ കാർമ്മികത്വം വഹിച്ചു. വികാരി ഫാ. കെ. ജോൺ കോർ എപ്പിസ്കോപ്പാ, സഹ വികാരി ഫാ. ജോർജ് വേമ്പനാട് എന്നിവർ സഹകാർമ്മികരായി.

സഭാപ്രശ്നത്തിൽ കക്ഷി ചേരാൻ രാഷ്ട്രീയ പാർട്ടികളോട് ആരും ആവശ്യപ്പെട്ടിട്ടില്ല: മാർ നിക്കോളോവോസ്

കൊച്ചി: സഭാപ്രശ്നത്തിൽ കക്ഷി ചേരാൻ രാഷ്ട്രീയ പാർട്ടികളോട് ആരും ആവശ്യപ്പെട്ടിട്ടില്ല എന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അമേരിക്കൻ ഭദ്രാസനാധിപൻ സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്താ.

മലങ്കര ഓർത്തഡോക്സ് സഭ, നിയമം നടപ്പാക്കാൻ മാത്രമേ ആവശ്യപ്പെടുന്നുള്ളു.. തിരഞ്ഞെടുപ്പ് സമയത്തു വോട്ടർ രാജാവാണ്. അവൻ അല്ലെങ്കിൽ അവൾ ആ അധികാരം പൂർണ ബോധ്യത്തോടെ ചെയ്യട്ടെ. ചോദ്യങ്ങൾക്ക് മുൻപിൽ എന്തിനാണ് പതറുന്നത്. ബുദ്ധി ഉപയോഗിച്ച് വോട്ട് ചെയ്യണമെന്ന് പറഞ്ഞതിനെന്തിത്ര കോപിക്കുന്നത് എന്നും ഇല്ലാത്ത സാധനം ഉപയോഗിക്കാൻ പറഞ്ഞതുകൊണ്ടായിരിക്കും അല്ലേ എന്നും മെത്രാപ്പോലീത്ത പരിഹസിച്ചു.

പുത്തൻകുരിശ് പള്ളിയിലെ വിധിനടത്തിപ്പ് ഉത്തമ മാതൃക

കോലഞ്ചേരി: പുത്തൻകുരിശ് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ സുപ്രീംകോടതി വിധി നടപ്പാക്കിയ രീതി ഉത്തമ മാതൃകയാണെന്ന് കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ.

അനുകൂല വിധിയുണ്ടായിട്ട് ഏതാനും ദിവസങ്ങളായിരുന്നു എങ്കിലും വിധി പകർപ്പ് കിട്ടുന്നതുവരെ ഓർത്തഡോക്സ് സഭയുടെ വൈദികൻ പള്ളിയിൽ പ്രവേശിക്കുവാൻ ശ്രമിച്ചിരുന്നില്ല. പകർപ്പ് കിട്ടിയ സാഹചര്യത്തിൽ പള്ളിയിൽ ആരാധനയ്ക്കായി എത്തുമെന്ന് അറിയിച്ചിരുന്നതനുസരിച്ച് പാത്രിയർക്കീസ് വിഭാഗത്തിലെ പ്രതിനിധികൾ പള്ളിയിൽ രാവിലെ തന്നെ എത്തുകയും നിയമാനുസൃത വികാരി ഫാ. തോമസ് ചകിരിയിലിന്റെ സാന്നിധ്യത്തിൽ താക്കോൽ മദ്ബഹായുടെ നടയിൽ സമർപ്പിക്കുകയായിരുന്നു. യാതൊരു സംഘർഷവും ഇല്ലാതെ വിധി നടപ്പാക്കാൻ സാധിച്ചതിൽ സംതൃപ്തിയുണ്ട്. നിയമാനുസൃത ഇടവകാംഗങ്ങളുടെ ആത്മീക ആവശ്യങ്ങൾ ഒന്നും തടയുകയില്ലെന്നും, സമാധാനപരമായി ആരാധിക്കുവാൻ വരുന്ന ഇടവകാംഗങ്ങൾ എല്ലാവർക്കും ആരാധനയ്ക്ക് അവസരമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



പിറവം വലിയ പള്ളിയുടെ താക്കോൽ ആർ.ഡി.ഒ. എം. ടി. അനിൽ കുമാറിന്റെ സാന്നിദ്ധ്യത്തിൽ ഫാ. സ്കറിയ വട്ടക്കാട്ടിലിന് തഹസിൽദാർ ടി. വി. മധുസൂദനൻ കൈമാറുന്നു.

Article

On making the Sign of Cross (Glimpses from Tertullian, St Athanasius, St Cyril of Jerusalem, St John Chrysostom and St Basil)

Rincy John

In schools and corporate world, one is required to wear the ID card (of that school/organization) to distinguish those students/ employees in the premises and outside. It is through these signs and symbols (like the ID cards) that our identification is marked out. In our liturgical prayers, common prayers, and on numerous occasions we make the sign of cross, through this sign-the sign of cross, is our identity revealed and people recognize that we belong to Christian faith.

The apostle St Paul boldly proclaims

There is a beautiful paragraph on the sign of cross in a book titled with the same name: "*Here is what is so fascinating about the sign of the cross: its simplicity. A cross is how illiterate people sign a document, because it is the simplest recognizable sign they can draw, symbolizing their acquiescence to an official form. And though the cross is perhaps one of the simplest things in Christian ritual, it clearly connects with some of the greatest Christian mysteries*" (The Sign of the Cross, Dr. Andreas Andreopoulos, Chapter 1-Experiencing the sign of the Cross, Paraclete Press, Massachusetts, © 2006)

No wonder that in our liturgical tradition, making the sign of cross is the first thing a toddler learns!

Let us see some inputs from ecclesiastical writers and holy fathers on making the sign of the Cross.

A) Tertullian (~160-220AD)

The ecclesiastical writer Tertullian attests to the practice of early Christians making the sign of cross in their daily chores as a mark of dedicating all facets of their life in Christ. He says:

"…At every forward step and movement, at every going in and out, when we put on our clothes and shoes, when we bathe, when we sit at table, when we light the lamps, on couch, on seat, in all the ordinary actions of daily life, we trace upon the forehead the sign." (De Corona, Chapter 3, Ante Nicene Fathers, Volume III)

B) St Athanasius (~296-373 AD)

The great St Athanasius known as defender of faith, in his significant work – "On the Incarnation of the Word" (NPNF, Series II, Volume IV) presents a scenario wherein the early Christians used the sign of cross as a means of renouncing death and not being scared of it.

"For that death is destroyed, and that the Cross has become the victory over it, and that it has no more power but is verily dead, …it (death) is despised by all Christ's disciples, and that they all take the aggressive against it and no longer fear it; but by the sign of the Cross and by faith in Christ tread it down as dead." (§27)

"..even if one be an eye-witness of men and females and young children rushing and leaping upon death for the sake of Christ's religion; who is so silly,.. as not to see and infer that Christ, to Whom the people witness, Himself supplies and gives to each the victory over death, ..in each one of them that hold His faith and bear the sign of the Cross." (§29)

St Athanasius proclaims that by the sign of the cross all witchcraft, sorcery and demonic influences is brought to zero effect and helps our hearts to gaze to heaven!

"..whereas by the sign of the Cross all magic is stopped, and all witchcraft brought to nought, and all the idols are being deserted and left, and every unruly pleasure is checked, and every one is looking up from earth to heaven" (§31)

"For by the Sign of the Cross, though a man but use it, he drives out their(demons) deceits." (§47)

C) St Cyril of Jerusalem (~313–386 AD)

St Cyril of Jerusalem says if Christ hadn't had resurrected then we should have been ashamed of the Cross. But since Christ rose from dead, we should boldly proclaim it by making the sign of Cross upon ourselves at various times! He teaches:

"Let us, therefore, not be ashamed of the Cross of Christ; but though another hide it, do thou openly seal it upon your forehead, that the devils may behold the royal sign and flee trembling far away. Make then this sign at eating and drinking, at sitting, at lying down, at rising up, at speaking, at walking: in a word, at every act.

For He who was here crucified is in heaven above. If after being crucified and buried He had remained in the tomb, we should have had cause to be ashamed; but, in fact, He who was crucified on Golgotha here, has ascended into heaven from the Mount of Olives on the East." (Catechetical Lecture 4, NPNF Series II, Volume VII)

Further in Lecture 13, St Cyril of Jerusalem repeats the exhortation to make the sign of cross. He says:

"Let us not then be ashamed to confess the Crucified. Be the Cross our seal made with boldness by our fingers on our brow, and on everything; over the bread we eat, and the cups we drink; in our comings in, and goings out; before our sleep, when we lie down and when we rise up; when we are in the way, and when we are still. Great is that preservative.. also its grace is from God.

It is the Sign of the faithful, and the dread of devils: for He triumphed over them in it, having made a show of them openly; for when they see the Cross they are reminded of the Crucified; they are afraid of Him, who bruised the heads of the dragon. Despise not the Seal, because of the freeness of the gift; out for this the rather honour your Benefactor."- (Catechetical Lecture 13)

In the same lecture, St Cyril further says that we need to first make the sign of Cross when going to reason with those who do not believe in the Cross of Christ- *"For when you are going to dispute with unbelievers concerning the Cross of Christ, first make with your hand the sign of Christ's Cross, and the gainsayer will be silenced."*

D) St Basil the Great (~330-379 AD)

After having read the aforementioned inputs, if anyone comes up with the very old argument- 'Oh! But where is it in the Scripture', we have St Basil providing the answer. He mentions that making the sign of cross is an apostolic tradition that we have received:

"Of the beliefs and practices..which are preserved in the Church some we possess derived from written teaching; others we have received delivered to us "in a mystery" by the tradition of the apostles; and both of these in relation to true religion have the same force…For instance, to take the first and most general example, who is thence who has taught us in writing to sign with the sign of the cross those who have trusted in the name of our Lord Jesus Christ?" (§66, Chapter 27, On the Holy Spirit, NPNF Series II, Volume VIII)

E) St John Chrysostom (~347-407 AD)

St John Chrysostom offers a practical aid that making the sign of cross brings to our spiritual life:

"Hath any one insulted thee? Place the sign upon thy breast, call to mind all the things that were then done; and all is quenched." (Homily 87, The Gospel of St. Matthew, NPNF Series I, Volume X)

Making the sign of cross is not a meaningless ritual and let not our thoughts and actions make it so. The holy father advices that we ought to make the sign of cross with much faith!

"Since not merely by the fingers ought one to engrave it, but before this by the purpose of the heart with much faith. And if in this way you have marked it on your face, none of the unclean spirits will be able to stand near you." (Homily 54, The Gospel of St Matthew, NPNF Series I, Volume X)

We take refuge in the Cross of our Lord which reminds us that the Christian life is practically a journey to Golgotha. May the prayers of the holy fathers and mothers help us in this journey to, as my spiritual father says, 'be with Him and be like Him'.



പിറവം വലിയ പള്ളിയുടെ താക്കോൽ ഓർത്തഡോക്സ് സഭയ്ക്ക് ലഭിച്ചു

പിറവം: സുപ്രീംകോടതി വിധിയെത്തുടർന്ന് ജില്ലാ കളക്ടർ ഏറ്റെടുത്ത പിറവം സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ (പിറവം വലിയ പള്ളി) താക്കോൽ ഒക്ടോബർ 14-ന് ഓർത്തഡോക്സ് സഭയ്ക്ക് ലഭിച്ചു. കഴിഞ്ഞ സെപ്റ്റംബർ 26-നാണ് പള്ളി ജില്ലാ കളക്ടർ ഏറ്റെടുത്ത്. 25-ന് പള്ളിയിൽ പ്രവേശിക്കാൻ ഓർത്തഡോക്സ് വിഭാഗം എത്തിയെങ്കിലും യാക്കോബായ വിശ്വാസികളുടെ എതിർപ്പിനെത്തുടർന്ന് കയറാൻ സാധിച്ചില്ല. തുടർന്ന് കോടതിയുടെ ശക്തമായ നിർദേശത്തെത്തുടർന്നാണ് പള്ളി ജില്ലാ ഭരണകൂടം ഏറ്റെടുത്തത്. പള്ളിക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിരുന്നു.

തുടർന്ന് കഴിഞ്ഞ മൂന്ന് ഞായറാഴ്ചകളിൽ ഓർത്തഡോക്സ് വിഭാഗത്തിന് കുർബാന അർപ്പിക്കാൻ കോടതി അനുമതി നൽകിയിരുന്നു. ഇതിന് ശേഷമാണ് കഴിഞ്ഞ ദിവസം പള്ളിയുടെ താക്കോൽ ഓർത്തഡോക്സ് വിഭാഗം വികാരിക്ക് കൈമാറാൻ കോടതി ഉത്തരവിട്ടത്. ഇതിൻറെ അടിസ്ഥാനത്തിൽ ഇന്നലെ ആർ.ഡി.ഒ. എം. ടി. അനിൽകുമാർ, തഹസിൽദാർ ടി.വി. മധുസൂദനൻ, വില്ലേജ് ഓഫീസർ കെ. സി. ഹരി എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം പള്ളിയിലെയും ഓഫീസിലെയും ഉപകരണങ്ങളുടെ കണക്കുകൾ തിട്ടപ്പെടുത്തി രേഖകൾ സമർപ്പിച്ചശേഷമാണ് വികാരി ഫാ. സ്കറിയ വട്ടക്കാട്ടിൽ, സഹവികാരിമാരായ ഫാ. ഏലിയാസ് ചെറുകാട് , ഫാ. മാത്യൂസ് വാതക്കാട്ടേൽ, ഫാ. മാത്യൂസ് കാഞ്ഞിരംപറ എന്നിവർക്ക് താക്കോൽ കൈമാറിയത്. എന്നാൽ ഉദ്യോഗസ്ഥർ കൈമാറിയ ലിസ്റ്റിൽ പള്ളിയിൽ പൊന്നും കുരിശുകൾ, വെള്ളി കുരിശുകൾ, മുത്തുക്കുടകൾ ഒന്നും കണ്ടെത്താൻ ആയിട്ടില്ല. പള്ളിയിൽ മുൻപ് നൂറോളം പൊൻ, വെള്ളി കുരിശുകളും, മുത്തുക്കുടകളും ഉണ്ടായിരുന്നതായി അറിവുള്ളതാണെന്നും എന്നാൽ ഇവയൊന്നാം ഇപ്പോൾ കാണാനില്ലെന്നും വികാരി അറിയിച്ചു. ജില്ലാ കളക്ടർ എസ്. സുകാസ് നേരത്തെ പള്ളിയിലെത്തി സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു.





ഡൽഹി ഭദ്രാസന യുവജനപ്രസ്ഥാനം വാർഷിക സമ്മേളനം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് ഉദ്ഘാടനം ചെയ്യുന്നു. ഭദ്രാസന സെക്രട്ടറി ഫാ. സജി യോഹന്നാൻ, യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ് എന്നിവർ സമീപം.


കാരുണ്യത്തിന്റെ ലാവണ്യ ദർശനം

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

കാൻസർ രോഗത്തെ പ്രതിരോധിച്ച് ജീവിതത്തിന്റെ അന്ത്യശ്വാസം വരെ കാരുണ്യത്തിന്റെ സൗന്ദര്യം പകർന്ന ഡോ. സഖറിയ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ജീവിതവും സാക്ഷ്യവും വിളിച്ചറിയിക്കുന്ന പ്രൗഢഗ്രന്ഥമാണ് *കാരുണ്യത്തിന്റെ ലാവണ്യ ദർശനം*. വിവിധ കാലഘട്ടങ്ങളിൽ നടത്തിയ 17 പ്രഭാഷണങ്ങൾ അദ്ദേഹത്തിന്റെ പ്രിയ ശിഷ്യനായ എഞ്ചിനീയർ ഉമ്മൻ കൊച്ചുമ്മൻ ഇതിൽ ഹൃദ്യമായി സമാഹരിച്ചിരിക്കുന്നു. ഡോ. സഖറിയ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ സ്വതസിദ്ധമായ ശൈലിയിൽ ആത്മാംശത്തോടെ കോർത്തിണക്കിയിരിക്കുന്ന പ്രഭാഷണങ്ങളിലെ വാക്‌വിലാസം അക്ഷരാർത്ഥത്തിൽ ആത്മാവിലേക്ക് ആഴ്ന്നിറങ്ങുന്നവയാണ്.

കാൻസർ രോഗത്തെ പ്രതിരോധിച്ച് കാരുണ്യത്തിന്റെ നീർച്ചാലുകൾ പകർന്ന ഡോ. സഖറിയ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ജീവിതവും ദർശനവും ഇടയ ശുശ്രൂഷയുടെ പുതിയ മുഖമായിരുന്നു. പ്രാർത്ഥനയും ഉപവാസവും ഹൃദയത്തോട് ചേർത്ത്, രോഗത്തിന്റെ മൂർദ്ധന്യതയിലും ചികിത്സ പോലും തിരസ്ക്കരിച്ച് കാൻസർ രോഗികളെ ശുശ്രൂഷിക്കാനും അതിനുള്ള പണം കണ്ടെത്തുവാനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ അദ്ദേഹം ജാഗ്രത പുലർത്തി. *എന്റെ കാൻസറും (Cancer) എന്റെ കീമോയും എന്റെ രോഗവും എന്റെ വ്യാധിയും നീ എനിക്ക് തന്നതൊക്കെയും... സർവ്വവും യേശു നാഥനായ് സമർപ്പണം ചെയ്തിടുന്നു, സ്നേഹമോടെ ഞാൻ* എന്ന് പാടി പ്രബോധിപ്പിച്ചു. കാൻസർ രോഗം, ജീവിതത്തിന്റെ ക്യാൻസലേഷനല്ല *(Cancellation)*. കൃപകൾ ഷെയർ ചെയ്യുവാൻ *(Can share)* കഴിയുന്ന അവസരമാണെന്ന് പഠിപ്പിച്ചു. കാൻസർ രോഗികൾക്കായി പണവും സമയവും ചെലവഴിക്കണമെന്ന അതിജീവനത്തിന്റെ ആദ്ധ്യാത്മീകതയാണ് അദ്ദേഹം പങ്കിട്ടത്. കാൻസർ രോഗികൾക്കായുള്ള കാരുണ്യ പ്രവർത്തികളിൽ 1980-കളിൽ കർമ്മപദ്ധതികൾ ആരംഭിച്ച അദ്ദേഹം 2013-ൽ കാൻസർ രോഗിയായി. എങ്കിലും കാൻസർ പ്രതിരോധപദ്ധതികൾ അവിരാമം തുടരുകയായിരുന്നു.

കാൻസർ രോഗവുമായി ബന്ധപ്പെട്ട് നടത്തിയ പല പ്രഭാഷണങ്ങളിലും 119-ാം സങ്കീർത്തനം 105 നെ സ്വന്തം ശൈലിയിൽ അവതരിപ്പിക്കുന്നത് *നിന്റെ വചനം എന്റെ രോഗത്തിന് മരുന്നും എന്റെ വേദനകൾക്ക് ആശ്വാസവുമാകുന്നു* എന്നാണ്. കാൻസർ രോഗബാധിതനായതിനാൽ പ്രഭാഷണങ്ങളിൽ പ്രതിധ്വനിച്ച സന്ദേശം കാരുണ്യവും രോഗവും പ്രതിരോധവും ആയിരുന്നു. അതിനാൽ മെഡിക്കൽ പ്രസ്ഥാനങ്ങളെപ്പോലും ധീരമായി വിമർശിച്ചിരുന്നു. കോഴിക്കോട് എം.വി.ആർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടന സമ്മേളനത്തിൽ *ഇന്നത്തെ മെഡിക്കൽ പ്രസ്ഥാനമെല്ലാം, ഒരു മേടിക്കൽ പ്രസ്ഥാനമായി അധഃപതിച്ചു* എന്നു പറയാനും മടിച്ചില്ല. രോഗികളെ ശുശ്രൂഷിക്കുക, ചികിത്സിക്കുക എന്നത് ഏവരുടെയും കടമയാണ്. രോഗികളെ ശുശ്രൂഷിക്കുകയും കരുണയോടെ വീക്ഷിക്കുകയും ചെയ്യണമെന്ന് മാർ തെയോഫിലോസ് പ്രബോധിപ്പിച്ചു. നമ്മുടെ ആശുപതി കടമയുടെ ആശുപത്രിയല്ല, കരുണയുടെ ആശുപത്രിയാകണം. അനുകമ്പയുടെയും സ്നേഹത്തിന്റെയും ആശുപത്രിയാകണം. ആശുപത്രിയിലെ രോഗിയെ കരുണയോടെ ശുശ്രൂഷിക്കുമ്പോൾ ദൈവത്തിന്റെ സ്നേഹിതനായി തീരും എന്നും അദ്ദേഹം പ്രബോധിപ്പിച്ചു. ദൈവത്തിന്റെ സ്നേഹിതൻ എന്ന് അർത്ഥം വരുന്ന തെയോഫിലോസ് എന്ന വാക്കിന്റെ സാമൂഹിക കാഴ്ചപ്പാട് പകരുന്ന വ്യാഖ്യാനമാണിത്. രോഗികളേയും രോഗിക്ക് കൂട്ടിരിക്കുന്നവരേയും കാരുണ്യത്തോടെ സമീപിക്കേണ്ട ആത്മീയ ദർശനമാണ് *ദൈവത്തെ കാണുമ്പോൾ, തെയോഫിലോസ് ആകും* എന്ന പ്രഭാഷണത്തിൽ വിശദീകരിക്കുന്നത്.



ഓർമ്മ ഒക്ടോബർ 24-ന്
കോയമ്പത്തൂർ തടാകം ആശ്രമത്തിൽ

ഡോ. സഖറിയ മാർ തെയോഫിലോസ് ജീവിതത്തിന്റെ അന്ത്യനാളുകളിൽ നടത്തിയ ഈ പ്രഭാഷണങ്ങളിൽ കാരുണ്യത്തിന്റെ ലാവണ്യം പ്രസരിതമാക്കുന്നു. അനുകമ്പ, കരുണ, ആശ്വാസം എന്നിവയാണ് പ്രഭാഷണങ്ങളുടെ അന്തർധാര. ചെറിയ, ചെറിയ വാചകങ്ങൾ, ഹൃദ്യമായ വാക്യഘടന, ഹൃദയത്തിൽ തുളച്ചുകയറുന്ന വ്യാഖ്യാനങ്ങൾ, പ്രായോഗികമായ നിർദ്ദേശങ്ങൾ എന്നിവ ഈ പ്രഭാഷണങ്ങൾക്ക് ജീവൻ പകരുന്നു. *അനുകമ്പയുള്ളവരായി, കരുതൽ ഉള്ളവരായി, ആശ്വാസം നൽകുന്നവരായി തീരണം* എന്ന പ്രബോധനം ഹൃദയസ്പർശിയാണ്. വിവിധ സ്ഥലങ്ങളിൽ നടത്തിയ പ്രഭാഷണങ്ങൾ അതേ രീതിയിൽ ഘടനാവ്യത്യാസം വരുത്താതെയാണ് ഉമ്മൻ കൊച്ചുമ്മൻ എഡിറ്റ് ചെയ്ത് ഇവിടെ അവതരിപ്പിക്കുന്നത്. എല്ലാ പ്രഭാഷണങ്ങളും യൂട്യൂബിൽ നിന്നും കേട്ട് എഴുതി അവതരിപ്പിച്ചിരിക്കുന്നവയാണ്. ഈ പ്രഭാഷണങ്ങൾ മാർ തെയോഫിലോസിന്റെ ജീവിതവും ദർശനവും വെളിപ്പെടുത്തുന്നു. മഹാരോഗത്തിന്റെ പശ്ചാത്തലത്തിലും ദൈവവിളിയും നിയോഗവും വിഘ്നപ്പെടുത്താതെ, സാമൂഹിക പ്രതിബദ്ധതയോടെ, കാരുണ്യത്തിന്റെ സ്പർശം ജാതിഭേദങ്ങൾക്ക് അതീതമായി പകർന്നു.

കാരുണ്യ പ്രവർത്തനങ്ങൾക്ക് പണം സ്വന്തമായി കണ്ടെത്തിയിരുന്നു. ആരെയും നിർബന്ധിച്ചിട്ടില്ല. നിർലോഭമായ സഹകരണമാണ് പൊതു സമൂഹത്തിൽ നിന്നും ലഭ്യമായത്. ധൂർത്തിനേയും ആർഭാടത്തെയും ആവശ്യ ഘട്ടങ്ങളിൽ വിമർശിച്ച് കാരുണ്യ സന്ദേശം പകർന്നിരുന്നു. വിവാഹ ശുശ്രൂഷാ മദ്ധ്യേയുള്ള പ്രസംഗത്തിൽ, *വിവാഹത്തിനുവേണ്ടി എത്ര വേണമെങ്കിലും ധൂർത്ത് കാണിക്കുവാൻ നമുക്ക് ഒരു മടിയുമില്ല. എന്നാൽ പാവപ്പെട്ട ഒരു പെൺകുട്ടിയുടെ വിവാഹത്തിന് സഹായമോ കൈത്താങ്ങലുകളോ നൽകാറില്ല എന്നും വിവാഹത്തിന് സ്വർണ്ണം എടുക്കുമ്പോൾ പാവപ്പെട്ട പെൺകുട്ടിയുടെ വിവാഹത്തിന് ഒരു മാലയോ*

വളയോ കൊടുത്ത് ധാർമ്മികമായ ക്രിസ്തീയ ഉത്തരവാദിത്വം നിർവ്വഹിക്കണമെന്നും പ്രഭാഷണങ്ങളിൽ ധീരമായി ഉദ്ഘോഷിച്ചിരുന്നു.

നോമ്പ്, പ്രാർത്ഥന, ഉപവാസം തുടങ്ങിയ വിഷയങ്ങൾ സ്വന്തം ജീവിതത്തിലൂടെയാണ് വിശദീകരിക്കുന്നത്. അനുഭവങ്ങളുടെ ദീർഘമായ സംഭവങ്ങളും സന്ദർഭങ്ങളും കോർത്തിണക്കിയ പ്രഭാഷണങ്ങളിൽ സാഹോദര്യപ്രീതിയും വാത്സല്യവും പകരുന്ന കാരുണ്യ സന്ദേശങ്ങളാണ്. *സഹോദരങ്ങളോട് കരുണ കാണിക്കാത്ത നോമ്പ് ദൈവം സ്വീകരിക്കുകയില്ല. സ്നേഹം മനുഷ്യനെ ദൈവമാക്കുന്നു. അത് മറ്റുള്ളവരിൽ ദൈവത്തെ കാണുവാൻ സഹായിക്കുന്നു. അപ്പോൾ നാം ദൈവികരാകുന്നു. ദാനം ചെയ്യുമ്പോൾ സ്നേഹത്തിൽ നിറഞ്ഞ് ദൈവികരാകും* എന്ന് മാർ തെയോഫിലോസ് പ്രബോധിപ്പിക്കുന്നു. നോമ്പിൽ പ്രാർത്ഥിക്കുമ്പോൾ ശത്രുവിനെയും മിത്രത്തേയും ഓർക്കണമെന്നും ക്രിസ്തീയ ആദ്ധ്യാത്മീകതയിൽ ഒരു *സ്പിരിചൽ ചാരിറ്റി* വികസിപ്പിക്കണമെന്നും നിർദ്ദേശിക്കുന്നു. കാരുണ്യ സ്പർശം പങ്കിടുമ്പോഴാണ് ക്രിസ്തീയതയുടെ സൗന്ദര്യം വെളിപ്പെടുന്നത്. ഇത് കാരുണ്യ പ്രവർത്തികളുടെ ലാവണ്യ ദർശനമാണെന്ന് ഈ പ്രഭാഷണങ്ങൾ വിളിച്ചറിയിക്കുന്നു.

ഡോ. സഖറിയ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ജീവിതവും സന്ദേശവും കാരുണ്യ പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായിരുന്നു. പ്രതിസന്ധികൾ 'അകത്തും പുറത്തും' നേരിടേണ്ടി വന്നെങ്കിലും അതിനെ ദൈവകൃപയുടെ തണലിൽ അതിജീവിക്കുവാൻ കഴിഞ്ഞത് ആഴമായ വേദബോധവും പ്രാർത്ഥനാ ജീവിതവുമായിരുന്നു. അതിനാലാണ് കാൻസർ രോഗത്തെപോലും അതിജീവിച്ച് കാരുണ്യകർമ്മത്തിൽ പങ്കാളിയായത്.

മാർ തെയോഫിലോസ് പറയുന്നു: *നമ്മുടെ നട്ടെല്ല് വളഞ്ഞിരിക്കുകയാണ്. ഒരു പ്രതികരണശേഷിയുമില്ലാതെ നമ്മൾ ആയിരിക്കുന്നു. നോമ്പ്, ഉപവാസം വഴി, പ്രാർത്ഥനാ ജീവിതത്തിലൂടെ നട്ടെല്ല് നേരെയാക്കുവാനും മനുഷ്യനാകുവാനും മനുഷ്യത്വമുള്ളവനാകുവാനും കഴിയണം.* ദൈവം നമ്മെ സ്പർശിക്കുമ്പോൾ നിവർന്നു നിൽക്കുവാൻ കഴിയുമെന്ന ബോധ്യമാണ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായ്ക്ക് അതിജീവനത്തിന്റെ ആദ്ധ്യാത്മീകത പകർന്നത്.

എഞ്ചിനീയർ ഉമ്മൻ കൊച്ചുമ്മൻ അവതരിപ്പിക്കുന്ന കാരുണ്യത്തിന്റെ ലാവണ്യ ദർശനത്തിലെ പതിനേഴ് പ്രഭാഷണങ്ങളും അതീവ ഹൃദ്യവും വേദാധിഷ്ഠിതവും കാരുണ്യസ്പർശം പകരുന്നവയുമാണ്. ജീവത്തിന്റെ നേർക്ക് വരുന്ന പ്രതിസന്ധികളെ അതിജീവിച്ച് ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുമ്പോൾ കാരുണ്യത്തിന്റെ ലാവണ്യം ആത്മീയതയിൽ പ്രകാശം പരത്തും.

സഖറിയ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ജീവിതത്തിന്റെ നേർക്കാഴ്ചകൾ ഉമ്മൻ ജോണിന്റെ അഭിമുഖത്തിലും ഷേമാ ഏബ്രഹാമിന്റെ ആത്മാധിഷ്ഠിതമായ ജീവചരിത്ര വിവരണത്തിലും ഉൾവെളിച്ചം പകരുന്നു. കാരുണ്യത്തിന്റെ സൗന്ദര്യത്തിന് അക്ഷരങ്ങൾ പകർന്ന പ്രിയ ഉമ്മൻ കൊച്ചുമ്മന്റെ കഠിനാദ്ധ്വാനത്തെ അഭിനന്ദിച്ച് വായനയ്ക്കും ധ്യാനത്തിനുമായി *കാരുണ്യത്തിന്റെ ലാവണ്യ ദർശനം* സവിനയം സമർപ്പിക്കുന്നു. ❑



മെൽബൺ സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയിലെ ഒ.വി.ബി.എസ്.



പ്രളയബാധിത പ്രദേശങ്ങളിൽ സഹായവും ആയി യുവജനപ്രസ്ഥാനം.

കൊടിയേരി മൈലപ്ര ആശ്രമം സന്ദർശിച്ചു

പത്തനംതിട്ട: സി.പി.എം. സംസ്ഥാന സെക്രട്ടറി കൊടിയേരി ബാലകൃഷ്ണൻ മൈലപ്ര മാർ കുര്യാക്കോസ് ആശ്രമം സന്ദർശിച്ചു.

ഓർത്തഡോക്സ് സഭയ്ക്ക് അർഹമായ നീതി നടപ്പിലാക്കുക എന്നതാണ് സർക്കാർ തീരുമാനമെന്നും, മറിച്ചുള്ള പ്രചരണങ്ങൾ ഗൂഢലക്ഷ്യത്തിന്റെ ഭാഗമാണെന്നും കൊടിയേരി പറഞ്ഞു. അരമണിക്കൂറോളം ആശ്രമത്തിൽ ചില വഴിച്ച അദ്ദേഹം അത്താഴവും കഴിഞ്ഞ് മാത്യൂസ് റമ്പാന്റെ കബറിടവും സന്ദർശിച്ച് മടങ്ങി.



'മലങ്കരസഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ' തായ്‌ലൻഡിൽ പ്രകാശനം ചെയ്തു

ചിയാങ് മായ് (തായ്‌ലൻഡ്): ഡെറിൻ രാജു തയ്യാറാക്കി, സോഫിയ ബുക്ക്സ് കോട്ടയം പ്രസിദ്ധീകരിച്ച 'മലങ്കരസഭാ ഭരണഘടന: ചരിത്രം, രേഖകൾ, ഭേദഗതികൾ' എന്ന ഗ്രന്ഥം ആഗോള ക്രൈസ്തവ സഭൈക്യ രംഗത്തെ സമുന്നത നേതാവും, ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ (CCA) യുടെ ജനറൽ സെക്രട്ടറിയുമായ മാത്യൂസ് ജോർജ്ജ് ചുനക്കര, തായ്‌ലാൻഡ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന CCA യുടെ കേന്ദ്ര ഓഫീസിൽ വച്ചു മലങ്കര ബാലസമാജം വൈസ് പ്രസിഡന്റ് ഫാ. ബിജു പി. തോമസിന് പുസ്തകം നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

പുസ്തകം തയ്യാറാക്കിയ ഡെറിൻ രാജുവിനെയും ജോയ്സ് തോട്ടയ്ക്കാടിനെയും മാത്യൂസ് ജോർജ് അഭിനന്ദിച്ചു.

ലേഖനം

ശാസ്ത്രം - ദൈവ വിശ്വാസം

ബിജി ചെറി

'മേട മാസം ഒന്നാം ഞായറാഴ്ച ഉത്ഭൂതമായ, ലോകത്തിന്റെ ഒന്നാമാണ്ടു ആദ്യ മാസമായ മേടം 6 വെള്ളിയാഴ്ച, സകല മനുഷ്യരുടേയും ആദ്യ പിതാവായ ആദാമ്മിനെ പൂർണ്ണപ്രായത്തിൽ ദൈവം സൃഷ്ടിച്ചു എന്ന് വിശുദ്ധ വേദത്തിൽ പ്രസ്താവിച്ചിരിക്കുന്നു' (മഹാനായ മാർ ഗ്രീഗോറിയോസ് ബാർ എബ്രായ - പ്രാചീന വൃത്താന്തസംഗ്രഹം)

ദൈവം സകലത്തിന്റെയും സൃഷ്ടാവ് എന്ന് ഓർമ്മവെച്ച നാൾ മുതൽ പുരോഹിതരിൽ നിന്നും മാതാപിതാക്കളിൽ നിന്നും സമ്പാദിച്ച ദൈവ വിശ്വാസവുമായി ആധുനിക കാലത്ത് പഠനത്തിനായി പോകുന്ന സ്കൂൾ തലം മുതൽ ഉള്ള വിദ്യാർഥികൾ പഠിപ്പിക്കപ്പെടുന്നത് ദൈവാസ്തിത്വത്തെ 'ശാസ്ത്ര' വെളിച്ചത്തിൽ നിഷേധിക്കുന്ന പാഠപുസ്തകങ്ങളാണ്. ദൈവാസ്തിത്വത്തെ നിഷേധിക്കുന്ന ശാസ്ത്ര അധ്യാപകരെയും അവർക്ക് അഭിമുഖീകരിക്കേണ്ടി വരുന്നു. അതുപോലെ തന്നെ മുൻ നിര മാധ്യമങ്ങളും ഈ കാലഘട്ടത്തിൽ ദൈവ നിഷേധത്തിന്റെ പ്രചാരകങ്ങളായി വർത്തിക്കുന്നു.

ഇവയുടെ / ഇവരുടെ ചോദ്യാവലികളുടെ അടിസ്ഥാനത്തിലുള്ള സംശയങ്ങൾക്ക് തൃപ്തികരമായ മറുപടികൾ കണ്ടെത്താൻ കഴിയാതെ കുഴങ്ങുന്ന വിദ്യാർഥികൾ. സത്യമേത്? മിഥ്യയേത്?

ഇന്ന് നമുക്ക് ലഭിക്കുന്ന ലോകചരിത്രങ്ങൾ എല്ലാം തന്നെ പരിണാമ വാദാധിഷ്ഠിതമാണ്. എന്നാൽ നാം നിഷ്പക്ഷമായി കൂടുതൽ പഠനങ്ങളിൽ ഏർപ്പെട്ടാൽ 'ഭൂമിയുടെയും, സൗരയൂഥത്തിന്റെയും, Milky-way ഉൾപ്പെടെയുള്ള ഗാലക്സി കളുടെയും ഉത്ഭവം ഇന്നും ഒരു അജ്ഞാത വസ്തുതയാണ്' (വിശ്വ വിജ്ഞാനകോശം. Vol. 5, ജ432) എന്ന് ശാസ്ത്രകാരാൻമാർ തങ്ങളുടെ പരിമിതികൾ ഉൾകൊണ്ട് കൊണ്ട് പരിതപിക്കുന്നത് നമുക്ക് മനസ്സിലാക്കാം. എന്നാൽ ഗാലക്സി നിബദ്ധവും അനേകം തരം ചരാചരനിബദ്ധവും ആയിരിക്കുന്ന ഈ പ്രപഞ്ചം ദൈവസൃഷ്ടം എന്നാണ് വിശുദ്ധ തിരുവെഴുത്തുകളുടെ ഉറച്ച പ്രഖ്യാപനം.

'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.' (ഉല്പത്തി 1:1)

പക്ഷേ മുൻപേ സൂചിപ്പിച്ചത് പോലെ ഇന്നത്തെ തലമുറകൾ ഈ തിയറികളുടെ സ്വാധീനത്തിൽ പെട്ട് സത്യം വിട്ട് ഇത്തരം 'ശാസ്ത്രം എന്ന് പേർപ്പെട്ട യുക്തിരഹിതമായ വെറും കെട്ടുകഥകൾക്ക്' പിന്നാലെയാണ്. അതിൽ അവർ അഭിമാനം കൊള്ളുന്നു... ദൈവത്തെ തള്ളി പറഞ്ഞാൽ മാത്രമേ സമൂഹത്തിൽ വിലയുണ്ടാകൂ എന്ന സ്ഥിതിയിലേക്ക് ഇന്ന് ലോകം മാറ്റപ്പെട്ടിരിക്കുന്നു.

എന്നാൽ പഴയ നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്ന സംഭവങ്ങളും വ്യക്തികളും ചരിത്രപരമായ യാഥാർത്ഥ്യം എന്ന് നമ്മുടെ കർത്താവ് തന്നെ സ്ഥിതീകരിച്ചു ഉറപ്പിക്കുന്നു. ചില ഉദാഹരണങ്ങൾ - മനുഷ്യ സൃഷ്ടി (മത്തായി. 19:4), നോഹയുടെ കാലത്തെ മഹാ പ്രളയം (ലൂക്കോസ്. 17:26, 27), നീതിമാനായ ഹാബേൽ (മത്തായി 23:35), ലോത്തിനേ കുറിച് അതുപോലെ ഉപ്പു തൂണായി മാറിയ ലോത്തിന്റെ ഭാര്യയെ കുറിച്ചും സൊദോം ഗോമോറായുടെ നാശത്തെ കുറിച്ചുമൊക്കെ (ലൂക്കോസ് 17:28, 29, 32) കർത്താവ് പറയുന്നു.

എന്നാൽ ഇന്ന് ഈ ചരിത്ര യാഥാർത്ഥ്യങ്ങൾ കെട്ടുകഥകൾ എന്ന് പറയുന്നത് ഒരു ഫാഷനായി മാറിയിരിക്കുന്നു. ഈ ആധുനിക ശാസ്ത്ര യുഗത്തിലും ഉല്പത്തി പുസ്തകത്തിലെ സൃഷ്ടി വിവരണം തികച്ചും ശാസ്ത്രീയവും വിശ്വസനീയവും തന്നെ. 'ശാസ്ത്രം' എന്ന് സാധാരണ ജനങ്ങള് മുതൽ ശാസ്ത്ര അധ്യാപകരേവരേ തെറ്റിദ്ധരിപ്പിക്കുന്ന 'തിയറികൾ' (Theory, Hypothesis - ഊഹം, സാങ്കല്പികസിദ്ധാന്തം എന്ന് അർത്ഥം) നമുക്ക് ഒന്ന് പഠന വിഷയമാക്കാം. സാന്ദർഭികമായി ഒരു കാര്യം കൂടി സൂചിപ്പിക്കട്ടേ... ഈ തലമുറയിൽ ഏറ്റവും ആദരണീയനായിരുന്ന മഹാ ശാസ്ത്രജ്ഞൻ Stephen Hawking നു എന്തു കൊണ്ട് Nobel കിട്ടിയില്ല എന്നുള്ള ചോദ്യം നമ്മൾ ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന വിഷയത്തിലും പ്രസക്തമാണ്.... 'സിദ്ധാന്തപരമായ കണ്ടുപിടുത്തങ്ങൾ ഭൗതികമായ തെളിവുകൾ കൊണ്ട് സമർത്ഥിക്കണമെന്നുള്ളത്.' ഇന്ന് ഏറ്റവും പ്രശസ്തമായ മഹാവിസ്ഫോടന സിദ്ധാന്തവും (Big bang theory) ജീവപരിണാമ സിദ്ധാന്തവും (Evolution Theory) ഭൗതികമായ തെളിവുകൾ കൊണ്ട് സമർത്ഥിക്കപ്പെടാത്ത സിദ്ധാന്ത പരമായ ഊഹാപോഹങ്ങൾ മാത്രം.... നമുക്ക് പരിശോധിക്കാം...

മഹാവിസ്ഫോടന സിദ്ധാന്തം (Big bang theory)

ശൂന്യത ഒരു ബിന്ദുവിൽ (Singularity) കേന്ദ്രീകൃതമായി അതിസാന്ദ്രതയുള്ള ഒരു പിണ്ഡമായി മാറി ഒരു പൊട്ടിത്തെറിക്ക് സമാനമായ ഒരു അതിവികാസത്തിലൂടെ ഏകദേശം 1380 കോടി വർഷങ്ങൾക്ക് മുമ്പ് സ്വയമേവ പ്രപഞ്ചം ഉടലെടുത്തു എന്നാണ് ഈ സിദ്ധാന്തത്തിന്റെ കാതൽ.

ഈ സിദ്ധാന്തത്തിന്റെ പിതാവ് ബെൽജിയൻ cosmologist ഉം കത്തോലിക്ക സഭാ വൈദികനും ആയിരുന്ന ജോർജ്സ് ലെമൈട്രി (Georges Lemaître) ആണ്. 1920-കളിൽ പ്രപഞ്ചം വികസിച്ചു കൊണ്ടിരിക്കുകയാണ് എന്ന ആശയം അദ്ദേഹം അവതരിപ്പിച്ചു. എല്ലാ ദിക്കുകളിലും കാണുന്ന നക്ഷത്ര സമൂഹങ്ങൾ ഭൂമിയിൽ നിന്ന് അകന്ന് കൊണ്ടിരിക്കുകയാണ് എന്ന് 1929 ൽ എഡ്വിൻ ഹബിൾ കണ്ടെത്തിയത് ലെമൈട്രിന്റെ സിദ്ധാന്തത്തിന് പിൻബലം നൽകി. ഇതേ തുടർന്ന് 1931-ൽ പ്രപഞ്ചം ഒരു വിസ്ഫോടനത്തിൽ നിന്നാണ് ആരംഭിച്ചതു എന്ന ആശയം ലെമൈട്രി മുന്നോട്ട് വെച്ചു. ഈ ആശയം ചില ഊഹാപോഹങ്ങളിൽ അധിഷ്ഠിതമാണ്. ഈ ഊഹാപോഹങ്ങൾ നമുക്ക് ഒന്ന് പോയിന്റ്സ് ആക്കി പരിശോധിക്കാം.

1. അനേക കോടി വർഷങ്ങൾക്കു മുൻപ് ഒന്നുമില്ലായ്മ (Absolute Nothing-ness) സ്വയമേ ഒരുമിച്ചു ഒരിടത്ത് ഒന്നിച്ചു ചേർന്ന് അതിസാന്ദ്രതയുള്ള ഒരു ബിന്ദു (Singularity) ഉണ്ടാവുന്നു.... (നല്ല ഒന്നാം തരം ഊഹം) ഒന്നുമില്ലായ്മ ഒരുമിച്ചു ഒരിടത്ത് ചേർക്കുക പോലും അസാധ്യമാണ് (Nothing + Nothing = Nothing). അപ്പോൾ പിന്നെ പിന്നിൽ പ്രവർത്തിക്കാൻ ഒരു ബുദ്ധിശക്തി കൂടി ഇല്ലാത്ത അവസ്ഥയിൽ അസാധ്യം തന്നെ.

2. അതിഭയങ്കരമായ ചൂടും സാന്ദ്രതയുമുള്ള ഈ ബിന്ദു (ടശിഴൗഹമൃശ്യേ) പെട്ടന്ന് പൊട്ടിത്തെറിച്ച് ഇല്ലാത്ത അന്തരീക്ഷത്തിലേക്ക് ഹൈഡ്രജൻ, ഹീലിയം വാതകങ്ങൾ (Gas) ഘർഷണരഹിതമായ അന്തരീക്ഷത്തിലേക്ക് ഒഴുകുന്നു (ചിതറപ്പെടുന്നു)...സ്ഫോടനപരമ്പരയിലൂടെ കോടാനുകോടി നക്ഷത്ര സമൂഹങ്ങളുണ്ടാക്കിയത്തിനു ശേഷം സ്ഫോടന പരമ്പര താനേ നിന്ന് പോകണം. (വീണ്ടും ഊഹം)

എന്നാൽ ഘർഷണരഹിതമായ അന്തരീക്ഷമായതിനാൽ പുറത്തേക്ക് ഒഴുകുന്ന വാതകത്തിന് (Gas) സ്വയമേവ നിർത്തപ്പെടാനോ വേഗത കുറയ്ക്കാനോ കഴിയില്ല. നക്ഷത്രങ്ങളുണ്ടാക്കിയത്തിനു ശേഷം സ്ഫോടനം നിറുത്താനും യാതൊരു ക്രമീകരണവുമില്ല. അതിരില്ലാത്തതും ഘർഷണമില്ലാത്തതുമായ അവസ്ഥയിൽ ചിതറപ്പെടുന്ന വസ്തുക്കൾ ഒരിക്കലും ഇന്ന് പ്രപഞ്ചത്തിൽ കാണപ്പെടുന്നതുപോലെ ഭ്രമണം ചെയ്യുകയില്ല, മറിച്ചു ദിശ മാറാതെ സഞ്ചരിച്ചു കൊണ്ടിരിക്കുകയേയുള്ളൂ. ഒന്നും ഇല്ലായ്മക്ക് സ്വയമേവ കൂടി ചേർന്ന് ഒരു ബിന്ദു ഉണ്ടാകാനും അതിഭയങ്കരമായ ചൂടും സാന്ദ്രതയും ഉണ്ടാകുന്നതിനും പൊട്ടിത്തെറിക്കുന്നതിനും ഇല്ലായ്മയെ പൊട്ടിത്തെറിപ്പിക്കാനുള്ള തീയോ തീപ്പെട്ടിയോ ഇല്ലാത്തിനാലും സാധ്യമല്ല. chemicals നിലവിലുണ്ടാവാതിരിക്കെ അതൊരു chemical പൊട്ടിത്തെറിയായിരിക്കുന്നതിനും സാധ്യത ഇല്ല. ആറ്റം നിലവിലുണ്ടാവാതിരിക്കെ അതൊരു nuclear പൊട്ടിത്തെറിയായിരിക്കുന്നതിനും സാധ്യത ഇല്ല. മാന്ത്രികമായി സ്വയം ദ്രവ്യമുണ്ടാകനും സാധ്യമല്ല.

3. അതുപോലെ ആവശ്യമായ പ്രതിദ്രവ്യതിന്റെ (antimatter) അഭാവം. ദ്രവ്യത്തിന്റെ (മാറ്റർ) എതിർ പദാർത്ഥമായി കാണുന്ന വസ്തുവാണ് പ്രതിദ്രവ്യം അഥവാ ആന്റിമാറ്റർ (Antimatter). ദ്രവ്യത്തിൽ എപ്രകാരമാണോ കണികകൾ അടങ്ങിയിരിക്കുന്നത് അപ്രകാരം പ്രതിദ്രവ്യത്തിൽ വിപരീത കണികകൾ അടങ്ങിയിരിക്കുന്നു.ആൽബർട്ട് ഐൻസ്റ്റൈനിന്റെ ആപേക്ഷികതാ സിദ്ധാന്തം അനുസരിച്ച് ആയാലും അതുപോലെ ക്വാണ്ടം ഭൗതികമനുസരി

ച്ചായാലും മഹാവിസ്ഫോടനത്തിൽ പ്രപഞ്ചം രൂപപ്പെട്ടപ്പോൾ ദ്രവ്യവും പ്രതിദ്രവ്യവും തുല്യ അളവിലാണ് ഉണ്ടാകേണ്ടിയിരുന്നത്. പ്രതിദ്രവ്യതിന്റെ (antimatter) അഭാവം മഹാ വിസ്ഫോടന സിദ്ധാന്തം നേരിടുന്ന അതിഗുരുതരമായ പ്രശ്നമാണ്.

"We are pretty sure from our observations that the universe today contains matter, but very little if any anti-matter." (Victor Weisskopf, "The Origin of the Universe," American Scientist, 71, p. 479.)

ഇനി അഥവാ അവ തുല്യ അളവിൽ ഉണ്ടായിരുന്നെങ്കിൽ മറ്റൊരു അതിഗുരുതരമായ വിഷമത... ദ്രവ്യവും പ്രതിദ്രവ്യവും പരസ്പരം ഉൻമൂലനം ചെയ്ത് വെറുമൊരു ഊർജമേഖലയായി പ്രപഞ്ചം മാറിയേനെ. നമ്മളോ സൗരയൂഥമോ ഗാലക്സികളോ ഒന്നും ഉണ്ടാവില്ലായിരുന്നു.

4. സ്വയമേവ പ്രകൃതി നിയമങ്ങൾ ഉണ്ടാകുന്നു എന്ന അസാധ്യത.

പൊട്ടിത്തെറിയിലൂടെ ഉണ്ടായ വാതകങ്ങൾ ചേർന്നുണ്ടായ കഷ്ണങ്ങൾ അത് വരെ ഇല്ലാത്ത പ്രപഞ്ചാന്താരീക്ഷത്തിലേക്ക് ചിതറപ്പെടുന്നു. ഒടുവിൽ നക്ഷത്രങ്ങൾ, താരാപഥങ്ങൾ, ഗ്രഹങ്ങൾ, ഒപ്പം ഉപഗ്രഹങ്ങൾ. നിങ്ങൾ ഇവിടെ കണ്ടതു പോലെ ലളിതമായി പറഞ്ഞാൽ മഹാവിസ്ഫോടന സിദ്ധാന്തം ഒരു സയൻസ് ഫിക്ഷൻ നോവൽ...... അത്ര മാത്രം.



വൈദികരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നു

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദികരുടെയും, ശുശ്രൂഷകരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ഡോ. മാത്യുസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായ സമിതിയെ പ. കാതോലിക്കാബാവാ നിയമിച്ചു. അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ കൺവീനറായ സമിതിയിൽ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്. വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ, അൽമായ ട്രസ്റ്റി ജോർജ് പോൾ, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ.ഡോ. തോമസ് വർഗീസ് അമയിൽ, തോമസ് പോൾ റമ്പാൻ, എ. കെ. ജോസഫ്, ജോർജ് മത്തായി നൂറനാൽ, അജി ഡാനിയേൽ, ജോൺ കെ. മാത്യു, ഐ.സി. ചെറിയാൻ എന്നിവരാണ് അംഗങ്ങൾ.

ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ചേർന്ന പ്രഥമ യോഗം സമിതിയുടെ സെക്രട്ടറിയായി എ. കെ. ജോസഫിനെ തെരഞ്ഞെടുത്തു. സമിതി തയ്യാറാക്കുന്ന റിപ്പോർട്ട് സഭാ മാനേജിംഗ് കമ്മറ്റിയും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസും അംഗീകരിക്കുന്നതിനെ തുടർന്ന് 2020 ഏപ്രിൽ മുതൽ നടപ്പാക്കും.

വടവുകോട് പള്ളിക്കേസിൽ പരാജയപ്പെട്ടവർ സംഘർഷം അഴിച്ചുവിടുന്നു

കോട്ടയം: വടവുകോട് സെന്റ് മേരീസ് പള്ളിക്കേസ് ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വിധിച്ചതിൽ നിരാശപൂണ്ട് പാത്രിയർക്കീസ് വിഭാഗം അക്രമം അഴിച്ചുവിടാൻ ശ്രമിക്കുന്നത് അപലപനീയമാണെന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ. പാത്രിയർക്കീസ് വിഭാഗത്തിന് പള്ളിയിൽ പ്രവേശിക്കുന്നതിന് നിരോധനമുണ്ട്. എന്നിട്ടും കഴിഞ്ഞ ഞായറാഴ്ച ഓർത്തഡോക്സ് സഭയുടെ ആരാധന പൂർത്തീകരിച്ചശേഷം പാത്രിയർക്കീസ് വിഭാഗത്തെ പള്ളിയിൽ പ്രവേശിക്കുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പള്ളിമുറ്റത്ത് സംഘർഷം സൃഷ്ടിച്ചു. ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വിധി ഉണ്ടായിട്ട് രണ്ടാഴ്ചയോളമായ സാഹചര്യത്തിൽ ഇനി സമാന്തര ഭരണം നില നിർത്തുവാൻ അനുവദിക്കയില്ല എന്ന നിലപാടിൽ ഓർത്തഡോക്സ് സഭാംഗങ്ങൾ പള്ളിയകത്ത് തുടർന്നു. പുത്തൻകുരിശ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ വന്ന പോലീസ് സംഘം പാത്രിയർക്കീസ് വിഭാഗത്തെ തടഞ്ഞു. ഉച്ചയോടെ എല്ലാവരും പിരിഞ്ഞുപോയി എങ്കിലും വീടുകളിലേക്ക് മടങ്ങിപ്പോകുന്നവഴിയിൽ ഓർത്തഡോക്സ് സഭാംഗങ്ങളായ കിഴക്കേടത്ത് കെ. കെ. കുര്യാച്ചൻ, മറ്റപ്പിള്ളിൽ സാബു എന്നിവരെ മറുഭാഗത്തെ ഗുണ്ടകൾ ക്രൂരമായി മർദ്ദിച്ചു. മർദ്ദിച്ചവരുടെ പേരുകൾ പോലീസിന് നൽകിയിട്ടും ശക്തമായ തുടർനടപടികൾ ഉണ്ടായിട്ടില്ല. ന്യായമായി ലഭിക്കാൻ സാധിക്കാത്തത്, അക്രമത്തിലൂടെ നേടുവാനുള്ള പ്രവണത അധികാരികൾ അനുവദിക്കുന്നത് ഖേദകരമാണ്. വടവുകോട് നടന്ന അക്രമങ്ങൾക്കെതിരെ ഓർത്തഡോക്സ് സഭയുടെ ശക്തമായ പ്രതിഷേധം അറിയിക്കുന്നു.

ദീർഘകാലം കേസുനടത്തി പരാജയപ്പെട്ടു കഴിയുമ്പോൾ വിധി അനുസരിക്കുകയില്ല എന്ന നിലപാടെടുക്കുന്നത് ദു:ഖകരമാണ്. വടവുകോട് പള്ളിയിൽ നിന്നും അനേകസാധനങ്ങൾ മോഷണം പോയിട്ടുണ്ട്. പള്ളിയുടെ കതകുകൾ പോലും മോഷണം പോയിരിക്കുന്നു. പോലീസിൽ പരാതിപ്പെട്ടു എങ്കിലും ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും അഡ്വ. ബിജു ഉമ്മൻ പറഞ്ഞു.



പെരുമ്പാവൂർ: കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ വെട്ടിത്തറ സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളിയെ സംബന്ധിച്ച യാക്കോബായ വിഭാഗത്തിന്റെ IA കൾ എല്ലാം തള്ളി. പെരുമ്പാവൂർ സബ് കോടതി ഓർഡർ ശരിവച്ചു.



പുത്തൻകുരിശ് പള്ളിയിൽ സന്ധ്യാപ്രാർത്ഥന നടത്തിയപ്പോൾ.

മലങ്കരസഭാ ഭരണഘടന
ചരിത്രം, രേഖകൾ, ഭേദഗതികൾ
ഡെറിൻ രാജു

പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം
ഫോൺ: 99471 20697
വില: 200 രൂപ

Reflect the Light of Christ in our life ' HG Dr.Geevarghese Mar Yulios to MMVS delegates at Diocesan conference

The 10th Ahmedabad Diocesan Conference of Marth Mariam Vanitha Samajam (MMVS), was held at St. Gregorios Orthodox Church, Mhow, on October 12th & 13th 2019 under the leadership of Diocesan Metropolitan HG Pulikkottil Dr Geevarghese Mar Yulios.



The two-day conference was based on the theme 'Let your Life Speak(Let your light shine before men, that they may see your good works and glorify your Father in heaven St.Mathew 5:16)

HG Dr Mar Yulios in his inaugural speech reminded the participants to follow the path of Jesus Christ and said When we reflect the light of Christ in our life, we show the beauty of God to the world. Give light and the darkness will disappear itself, He urged.

Elaborating on the theme, HG said that Life can be wonderful on earth, but only through a relationship with our God, the dark parts of our hearts will brighten and spread the light around.

Quoting Mahatma Gandhi who was an apostle of peace and brotherhood'" My life is my message." He reminded the members that d**oing good for others**

is the part that tells about Love, the nature of God. The actions and attitudes that you carry towards others are a true reflection of who you are deep inside.

If you let the light of the Lord shine in your life, if you strive to do what is pleasing to God, you will also shine in the world and produce the fruit of the light, i.e., goodness, righteousness, and truth. "By our attitude and perspective, we should reflect the life of Jesus Christ who has given His life for us," His Grace concluded.

Mrs Priya Jacob, Principal,Metropolitan Higher Secondary School, Puthenvacu, Chengannoorr and Convenor of Chaitanya Samskarika Vedi, MMVS was the Chief speaker.

She quoted from the holy scriptures and covered the topic in different sessions elaborating the meaning of a Christian woman and how a woman should be a true disciple of Jesus Christ. . Our dedication, sacrifice, love, service will make us a true disciple of Christ and this will make us shine, she emphasised, eradicating the darkness around.



Martha and Mary are two sides of the same coin, she explained citing the family of Lazarus which can be a model family for us all. Martha and Mary show us that both work and worship have a place in our lives. Finding the balance between the two is necessary. If Martha was a person working for the glory of God, a synonym of missionary form of service, Mary is the symbol of worship, love for God. Everything that starts with Loving the Lord like Mary will be precious, she echoed. .

Rev Fr C S Mathew, Vice President MMVS, Rev Fr Jose Chemmun, Rev. Fr. Varghese Thomas, Rev.Fr.Geevarghes George, Mr Jabin Job, Mrs Beena Kuriakose, Mrs Sheeja Simson spoke on the occasion. Rev.FrJacob Chacko was also present. Annual Report was read by Diocesan Secretary Mrs Beena Kuriakose and Annual accounts by Diocesan Treasurer Mrs Ponnamma Thomas.

Women delegates from Gujarat, Raja-sthan and Madhya Pradesh attended the conference. A Health Awareness programme by renowned Physician Dr. Princy Scaria, An enthusiastic quiz competition, Nutritious Cookery contest and an energetic talent night were other highlights of the conference. ❑



വെട്ടിത്തറയിൽ സഭയ്ക്ക് നീതി നിഷേധം

വെട്ടിത്തറ: സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് നീതി നിഷേധം. ആരാധനയ്ക്കെത്തിയ മലങ്കരസഭാ വിശ്വാസികളെ പോലീസ് തടഞ്ഞു.

കോടതിവിധി അനുകൂലമായുള്ള വെട്ടിത്തറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ, പ്രവേശിക്കാനെത്തിയ മലങ്കര ഓർത്തഡോക്സ് സഭ വിശ്വാസികളെ പോലീസും വിഘടിത വിഭാഗവും തടഞ്ഞു.

പള്ളിക്കുള്ളിൽ യാക്കോബായ വിഭാഗം തമ്പടിച്ചിരിക്കുകയാണ്. അനധികൃതമായി പള്ളിക്കുള്ളിൽ കയ്യേറി ഇരിക്കുന്നവരെ ഒഴിപ്പിച്ചു വിധി നടപ്പാക്കേണ്ട അധികാര വർഗം കാഴ്ച്ചക്കാരെപ്പോലെ നോക്കി നിന്നു.

പാരസ്പര്യമെന്ന സമവാക്യം

സ്ലീബാപെരുന്നാളിന് ശേഷം ആറാം ഞായർ

(വി. ലൂക്കോസ് 18:18-27)

ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ



വേദപശ്ചാത്തലം.

യേശുവുമായി സമ്പന്നനായ ഒരാളുടെ സംവാദമാണിത്. മത്തായി ശ്ലീഹായും(19.16-30) മർക്കോസും 10.17-31) ഇവ പരാമർശിക്കുന്നു. ഈ വിവരണങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നത്, ഈ യുവാവ് (1) സമ്പന്നനായിരുന്നു, (2) ഒരുപക്ഷെ സന്നദ്രിം സംഘത്തിലെ അംഗമായിരിക്കാം.(3) അറിയുവാൻ ഉത്സുകനായ,വിനയമുള്ളവനായിരുന്നു. ആദ്ധ്യാത്മീക തൽപ്പരതയുള്ള യുവസമൂഹങ്ങൾ വിരളമായി കൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാ ഈ ചെറുപ്പക്കാരനുമായുള്ള സംവാദം ചർച്ചചെയ്യുന്നത്. അക്കാലത്തെ മതനിഷ്ഠകളുടെ അടിസ്ഥാനം പത്ത് കൽപ്പനകളായിരുന്നു. ഇതിൽ തന്റെ കാലത്തോടും സമൂഹത്തോടും ബന്ധപ്പെടുത്തുന്ന അവസാനത്തെ ആറെണ്ണം ഒരു പക്ഷെ ഇദ്ദേഹം പാലിച്ചിട്ടുണ്ടാകണം. എന്നാൽ ദൈവത്തോടുള്ള ബന്ധത്തിന് അടിസ്ഥാനമാവുന്ന ആദ്യത്തെ നല്ലെണ്ണം വേണ്ടത്ര പരിഗണിച്ചിട്ടുണ്ടാകില്ല. സമ്പത്തിനോടുള്ള അദ്ദേഹത്തിന്റെ തീവ്രബന്ധവും ഇവിടെ ഇതൾ വിരിയുന്നുണ്ട്. ഒരു പക്ഷെ യുവസമൂഹം നേരിടുന്ന വെല്ലുവിളികളെ ഗൗരവമായി പരിഗണിക്കുന്ന വേദഭാഗമാണിത്.

1. ആത്മീയതയുടെ ഇരിപ്പ്ശൈലികൾ

എല്ലാ സമൂഹത്തിലും നിലനിൽക്കുന്ന ചില ഇരിപ്പ് ശൈലികളുണ്ട്. പഴഞ്ചൊല്ലായും പാരമ്പര്യമായും ഒക്കെ ഇത് കൈമാറ്റം ചെയ്യപ്പെടുന്നു. ഇത്തരം പുരാതന സ്മൃതികളിൽ ജീർണ്ണതയും എന്നാൽ ഉദാത്തവുമായവയുണ്ടാകും. എന്നാൽ അവയെ മനനം ചെയ്യാൻ പ്രാപ്തിയില്ലാത്തവർ പഴഞ്ചൊല്ലും, പാരമ്പര്യവുമായവയിൽ പതിരിനെ കതിരായി സ്വീകരിക്കുന്നു. ആയതിനാൽ ആത്മീയത കുപ്പയിൽ നിന്ന് വിലയേറിയ മുത്ത് കണ്ടെത്തുന്നത് കണക്ക് ശ്രമാവഹമാണ്.


യേശുതമ്പുരാൻ പഠിപ്പിച്ച കാര്യങ്ങൾ(വ.19-21) കേട്ടപ്പോൾ ആ യുവാവ് പറഞ്ഞത്, ഇവ ഒക്കെയും, ഞാൻ എന്റെ ബാല്ല്യം മുതൽ കാത്തുകൊണ്ടിരിക്കുന്നു - (All these I have kept from my youth) നാം കാവൽക്കാരായിരിക്കുന്നത് എന്തിന്? എന്നൊരു ചോദ്യം പ്രസക്തമാണ്. വി.മത്തായി ശ്ലീഹായുടെയും(19:16-30),വി.മർക്കോസിന്റെയും(10:1731) സുവിശേഷത്തിൽ ഈ യുവാവ് കടന്ന് വരുന്നുണ്ട്. ചില കാര്യങ്ങളെ നാം തെറ്റാണെന്നറിഞ്ഞിട്ടും ഉപേക്ഷിക്കുവാൻ താൽപ്പര്യപ്പെടുന്നില്ല. അവസാനനിമിഷങ്ങളിൽ അറിയാതെ കൈനിവരുന്നതുവരെ നമ്മിൽ പലരും ഇത്തരം ശീലങ്ങൾ മുറുകെ പിടിക്കുന്നു. *ഭൂതകാലങ്ങളിൽ നാം സൂക്ഷിക്കുന്ന തെറ്റുകളുടെ അനുഭവത്തെയാണ് നാം പരിചയം എന്ന് വിശേഷിപ്പിക്കുന്നത്.* ചിലയിടങ്ങളിലൊക്കെ അസംഖ്യം തെറ്റായ രീതികൾ ഇത്തരം പശ്ചാത്തലത്തിൽ വളർന്ന് വന്നത് സമൂഹപരിസരങ്ങളെ നിരീക്ഷിച്ചാൽ കാണാവുന്നതാണ്.

നിത്യജീവന് എന്താണവശ്യമെന്നറിഞ്ഞിട്ടും ജീവിതത്തിന്റെ ശൈലികളിൽ യാതൊരു മാറ്റവും വരുത്താൻ ആഗ്രഹിക്കാത്ത യുവസമൂഹത്തിന്റെ പ്രതിനിധിയാണ് ഇദ്ദേഹം. എങ്ങിനെയാണ് അത് പ്രാപിക്കാനാവുക. സമ്പത്തിനെ സ്നേഹിച്ചവർക്ക് സർവ്വശക്തനെ സ്വന്തമാക്കാനാവത്തത് എന്തുകൊണ്ടാണ്? ധനത്തെ മാത്രം പ്രണയിക്കുമ്പോൾ സ്വാർത്ഥതയുടെ ഖജനാവുകൾ നിറയുകയും, അവഗണന ഗണ്യമായ മുഖമുദ്രയായി മാറുകയും ചെയ്യുന്നു. ദൈവം ദ്രവ്യത്തെക്കാൾ വലുതാണെന്നറിയുവാൻ-വിശ്വാസത്തെ പരിഹാസ്യമാക്കുന്ന പരിചയഭാവങ്ങളെ പരിത്യജിക്കുവാൻ നാം തയ്യാറാവണം. ഈ യുവാവ് ഉചിതമായ ഗുരുവിൽ എത്തി ചേർന്നു. എന്നാൽ ഉചിതമായത് അദ്ദേഹം സ്വീകരിച്ചുവോ എന്നത് പ്രസക്തമാണ്.

2. ആത്മീയതയുടെ പാരസ്പ്പര്യം

ആത്മീയതയെ തൻപോരിമയുടെ അകത്തളങ്ങളായി കാണുന്ന ചിലരെങ്കിലുമുണ്ട്. ആത്മീയതയിൽ അപരനോടുള്ള സമീപനം പ്രധാനമാണ്. കർത്താവിനെ സമീപിക്കുന്ന യുവാവിന് വിനയവും,ഉത്സുകതയും ഉണ്ട്. എന്നാൽ അവസാനഘട്ടം വരെ യേശുവിനെ ഉൾകൊള്ളുവാൻ ഈ യുവാവിന് സാധിച്ചിട്ടില്ല. നമ്മുടെ ആത്മീയോത്സുകത അവസാനഘട്ടം വരെ കാത്തുസൂക്ഷിക്കുവാൻ കഴിയേണ്ടതാണ്.

നമ്മുടെ സഭാജീവിതവും ഇതിന് ഉദാഹരണമാണ്. കാൽകഴുകൽ ശുശ്രൂഷ വളരെ മഹത്തായ ഒരു ശുശ്രൂഷയാണ്. എന്നാൽ തന്റെ കാലത്ത് *ഇത്രത വണ* ആ ശുശ്രൂഷ നടത്തിയെന്ന് ഗർവ്വോടെ പറയുന്ന കൈക്കാരന്മാരും, വികാരിമാരും മലങ്കരയിൽ പലയിടങ്ങളിലും കാണാം. തൻപോരിമ കാണിക്കുന്ന നോട്ടീസും, ബുക്ലെറ്റുകളും പത്രപരസ്യങ്ങളുംവരെ ഇത് നീളുന്നു. എന്നാൽ ഈ ശുശ്രൂഷയുടെ പാഠമോ അനുഗ്രഹങ്ങളോ കാത്ത് സൂക്ഷിക്കുവാൻ അവർക്ക് കഴിയാതെ വരുന്നു. ജീവിതത്തിൽ അനുകരണീയമാക്കേണ്ടവ സൗകര്യപൂർവ്വം മറക്കുന്നത് സ്വാർത്ഥതയുടെ പ്രതിഫലനമാണ്. അപരന് പങ്കിടേണ്ട അപ്പം തന്നെ ആത്മീയതയുടെ അകപ്പൊരുളാണ്. അപരനായുള്ളത് കവർന്നെടുക്കുന്നത് ലോകാത്മകതയും. ഈ വൈജാത്യം അനുഭവ തലത്തിൽ സ്വാർത്ഥരഹിതമായി ആവിഷ്ക്കരിക്കാൻ ആത്മീയരെന്ന് അഭിമാനിക്കുന്നവർക്കെല്ലാം സാധിക്കേണ്ടതാണ്. നിന്റെ സഹോദരനെവിടെ എന്ന ചോദ്യം കാലാതീതമായ വെല്ലുവിളി കൂടിയാണെന്ന് നാം ഓർമ്മിക്കണം. എല്ലാ അനീതികൾക്കും അക്രമങ്ങൾക്കും മദ്ധ്യേ നിലവിളിയോടെ മാറ്റൊലി കൊള്ളുന്ന ദൈവീകമായ ചോദ്യമായിരിക്കുമത്. നല്ല ശമര്യക്കാരനെപോലെ ഒരു മാതൃകാ സമവാക്യം തീർക്കാനൊരിടമുണ്ട്;അതാണ് ജീവിതം. അതിനൊടുവിലാണ് നാം ഒഴിഞ്ഞ് മാറിയവയെല്ലാം നമ്മെ ഭാരപ്പെടുത്തുവാൻ പോകുക. ശുശ്രൂഷിക്കേണ്ടിടത്ത് പൂജാരിയായി പാരാജിതനായ പുരോഹിതൻ!, അശുദ്ധിയെ കരുതി മര്യാദ കാണിക്കാത്ത കുലമഹിമയുടെ ലേവിത്വം. അവരെല്ലാം ഒരു കാലത്ത് ഭാരപ്പെട്ടവരായിരിക്കും- ചെയ്യാത്ത നന്മയെപ്രതി. ദൈവത്തോട് നന്മ ചെയ്യാൻ നൽകിയ നിമിഷങ്ങളെ പ്രതി കൃതജ്ഞതാ നിർഭരമായി തീരുന്ന ഒരു ശമര്യക്കാരന്റെ സന്തോഷാശ്രു നിറഞ്ഞ മനസ്സിനെ ശരിയായ ആത്മീയതയെന്ന് നിർവചിക്കാം. കായേനൊടുള്ള ചോദ്യവും, ശമര്യക്കാരന്റെ ജീവിതവും പാരസ്പര്യത്തിന്റെ സമവാക്യമായി മനസ്സിൽ സൂക്ഷ്ക്കാൻ നമുക്ക് സാധിക്കട്ടെ. ❑



കാരുണ്യത്തിന്റെ ലാവണ്യദർശനം

സമാഹരണം: ഉമ്മൻ കൊച്ചുമ്മൻ

വാങ്മുഖം: **ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത**

അവതാരിക: **ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ**

ബോധി ബുക്സ്, പന്തളം. വില 150

സഖറിയ മാർ തെയോഫിലോസ് മെത്രാപ്പോലിത്തായുടെ അന്ത്യകാല പ്രഭാഷണങ്ങളുടെ സമാഹാരം. കാൻസർ രോഗത്തെ ആധ്യാത്മികമായി പ്രതിരോധിക്കുന്ന മാർഗ്ഗങ്ങൾ ഒരോ പ്രഭാഷണത്തിലും പ്രതിധ്വനിക്കുന്നു.

വിവാഹ സഹായ വിതരണം ഒക്ടോബർ 27-ന് പരുമലയിൽ

പരുമല: മൂന്നാം കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കാതോലിക്കാ സ്ഥാനാരോഹണ നവതി ആഘോഷത്തോടനുബന്ധിച്ച് നടപ്പാക്കുന്ന - 'നവതി മംഗല്യം പദ്ധതി'യുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 50 പേർക്കുള്ള വിവാഹ സഹായവിതരണം 2019 ഒക്ടോബർ 27-ാം തീയതി ഞായറാഴ്ച രാവിലെ 10.30 ന് പരുമല സെമിനാരി ചാപ്പലിൽ നടക്കും.

വിവാഹസഹായ പദ്ധതി കമ്മറ്റി പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും. തുടർന്ന് സഹായ വിതരണം നടത്തപ്പെടും. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തും, വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. ജോൺസ് ഈപ്പൻ, പരുമല മാനേജർ ഫാ. എം.സി. കുറിയാക്കോസ്, ഫാ. ജോസഫ് സാമുവേൽ ഏവൂർ എന്നിവർ പ്രസംഗിക്കും.

അറിയിപ്പു ലഭിച്ചവർ ഇടവക വികാരിയുടെ സാക്ഷ്യപത്രവുമായി അന്നേ ദിവസം രാവിലെ 9.30 ന് പരുമല സെമിനാരിയിൽ എത്തിച്ചേരണമെന്ന് കൺവീനർ ഏബ്രഹാം മാത്യു വീരപ്പള്ളിൽ അറിയിച്ചു.



സിവിൽ സർവ്വീസ് ഫോറം ഉദ്ഘാടനം

കുന്നംകുളം: വെള്ളിത്തിരുത്തി ബ്ലൂ മിംഗ് ബഡ്സ് ബഥാനിയ വിദ്യാലയത്തിൽ സിവിൽ സർവ്വീസ് ഫോറം തൃശ്ശൂർ ജില്ലാ പോലീസ് കമ്മീഷണർ ജി. എച്ച്. യതീഷ് ചന്ദ്ര ഉദ്ഘാടനം ചെയ്തു. ചെറുപ്പത്തിൽ തന്നെ കുട്ടികളുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് അവരിൽ ലക്ഷ്യബോധത്തിന്റെ വിത്തുകൾ വിതച്ച് ഭാവി ഭാരതത്തിന്റെ വക്താക്കളായി മാറ്റിയെടുക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ ഭാരതം ലോകത്തിനു മുമ്പിൽ ശിരസുയർത്തി നില്ക്കണമെങ്കിൽ മനോബലവും ലക്ഷ്യബോധവുമുള്ള ഒരു പുതിയ തലമുറ അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യത്തിന് വേണ്ടിയാണ് ഇത്തരത്തിലൊരു ഉദ്യമത്തിന് വിദ്യാലയത്തിൽ തുടക്കമിടുന്നത്. പാഠപുസ്തകങ്ങളിൽ നിന്നും കിട്ടുന്ന അറിവു മാത്രമല്ല, അനുഭവങ്ങളിൽ നിന്നും അന്വേഷണങ്ങളിൽ നിന്നും പല അറിവുകളും നേടാൻ കഴിയണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

സ്കൂൾ മാനേജർ ഫാദർ സോളമൻ ഒ.ഐ.സി., അഡ്മിനിസ്ട്രേറ്റർ ഫാദർ ബെഞ്ചമിൻ ഒ.ഐ.സി., ഫാദർ പ്രത്രോസ് ഒ.ഐ.സി., പ്രിൻസിപ്പാൾ രമാഭായ് വി. കെ., വൈസ് പ്രിൻസിപ്പാൾ സതി ദേവി രാജഗോപാൽ, കല്യാണിക്കുട്ടി ടീച്ചർ, റാഫിയ അജിത്ത്, ഷിമ്ന മോഹനൻ , രാധിക ടി. ആർ. , പി.ടി.എ. പ്രസിഡന്റ് ബിജുബാൽ, സ്കൂൾ ലീഡർ ദേവിക എന്നിവർ പ്രസംഗിച്ചു.

ഒരു മുന്നണിക്കും പിന്തുണ പ്രഖ്യാപിച്ചിട്ടില്ല: ഓർത്തഡോക്സ് സഭ

കോട്ടയം: നെല്ലും പതിരും തിരിച്ചറിഞ്ഞു വോട്ടു ചെയ്യാൻ വിശ്വാസികൾക്കു കഴിവുണ്ടെന്ന് അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ.

ഒരു മുന്നണിക്കും സഭ പിന്തുണ പ്രഖ്യാപിച്ചിട്ടില്ല. സഭാ നേതൃത്വം വിശ്വാസികൾക്കു മുകളിൽ ഒന്നും അടിച്ചേൽപിക്കുന്നില്ല. സഭാ വിശ്വാസികൾക്കുണ്ടായ വേദന തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കും.

പിറവത്തെ വിശ്വാസികൾ വേദന കൊണ്ടാകാം ബിജെപിക്കു പിന്തുണ പ്രഖ്യാപിച്ചതെന്നും ബിജു ഉമ്മൻ പറഞ്ഞു.

ചോരക്കുഴി സെന്റ് സ്റ്റീഫൻ പള്ളിയിൽ സംസ്ക്കാരം നടത്തി

മൂവാറ്റുപുഴ: ചോരക്കുഴി സെന്റ് സ്റ്റീഫൻ പള്ളിയിൽ ഓർത്തഡോക്സ് വിശ്വാസി ആയ കണ്ടത്തിൽ പുത്തൻപുരയിൽ ഫാ. അബ്രഹാമിന്റെ മകൻ കെ. എ. ജോയി യുടെ ശവസംസ്ക്കാരത്തിന് മൂവാറ്റുപുഴ മുൻസിഫ് കോടതി അനുമതി നൽകി. 1934 സഭാഭരണഘടനാ പ്രകാരം നിയമിതനായ വികാരിക്കും സഹ വികാരിക്കും പള്ളിയിൽ സർവീസ് നടത്തുന്നതിനാണ് അനുമതി കിട്ടിയത്. സംസ്ക്കാര ചടങ്ങുകളിൽ ക്രമസമാധാനപാലനത്തിന് റൂറൽ എസ്.പി. ക്ക് നിർദേശവും നൽകിയിരുന്നു. ഓർത്തഡോക്സ് സഭയുടെ വികാരിക്ക് വേണ്ടി അഡ്വ. തോമസ് അധികാരം ഹാജരായി.

രാവിലെ 11 മണിക്ക് വീട്ടിലെ ശുശ്രൂഷകൾക്ക് പ. കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ചു. പള്ളിയിലെ ശുശ്രൂഷകൾ വികാരിയുടെ കാർമ്മികത്വത്തിൽ നടത്തി.

കോതമംഗലം ചെറിയപള്ളിയിൽ നിർമ്മാണമൊ നശികരണ പ്രവർത്തനമൊ നടത്തില്ല എന്ന് ഉറപ്പ് നൽകി

പെരുമ്പാവൂർ: കോതമംഗലം ചെറിയപള്ളിയിൽ നിർമ്മാണമൊ നശികരണ പ്രവർത്തനമൊ നടത്തില്ല എന്ന ഉറപ്പ് വിഘടിത വിഭാഗം അഭിഭാഷകന്റെ ഉറപ്പ് കോടതി രേഖപ്പെടുത്തി. ഇത് സ്ഥലം SHO ഉറപ്പ് വരുത്തണമന്ന് കോടതി ഉത്തരവിട്ടു. കോതമംഗലം, പുളിന്താനം, ചാലിശ്ശേരി, മഴുവന്നൂർ പള്ളികളുടെ റിട്ട് കേസുകൾ അടുത്ത ബുധൻ കേൾക്കാൻ വച്ചു.

ST. THOMAS ORTHODOX RETREAT CENTRE
JYOTHIS DAYARA
DIOCESE OF AHMEDABAD
ABU ROAD, RAJASTHAN
BIBLE STUDY CLASS
Oct 26 to 27th Saturday and sunday
Time start : Saturday 10 am
Contact number : 9426347399

News, Advertisements, Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file